പാഠം 9   ഫെബ്രുവരി 24 - മാർച്ച് 2

# കൃതജ്ഞതയുടെ വഴിപാടുകൾ

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിന്: മത്താ 6:19-21; എഫേ. 2:8; 1 പത്രൊ. 4:10; ലൂക്കൊ. 7:37-47; 2 കൊരി. 8:8-15; 2 കൊരി. 9:6-7.**

**മനഃപാഠവാക്യം: "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ. 3:16).**

നൽകുന്ന ദൈവമാണ് നമ്മുടെ ദൈവം എന്ന ഈ വലിയ സത്യം യേശുവിന്റെ യാഗത്തിലൂടെ നാം ഏറ്റം ശക്തിയായി ദർശിക്കുന്നു. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ. 3:16). "അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും" (ലൂക്കൊ. 11:13).

കൊടുത്തുകൊണ്ടേയിരിക്കുന്നവനാണ് ദൈവം. കൊടുക്കുക എന്നത് അവന്റെ സ്വഭാവമാണ്. ദൈവീക സ്വഭാവത്തെ പ്രതിഫലിപ്പിക്കുവാൻ ആഗ്രഹിക്കുന്നവരും അതുപോലെതന്നെ കൊടുക്കുന്ന ശീലമുള്ളവരയിരിക്കണം. "സ്വാർത്ഥനായ ക്രിസ്ത്യാനി" എന്ന പദപ്രയോഗം ഏറ്റവും വലിയ വിരോധാഭാസമാണ്.

നമുക്കു ലഭിച്ചിട്ടുള്ളതിൽനിന്നും തിരികെ നൽകുവാനുള്ള ഒരു മാർഗ്ഗമാണ് വഴിപാടുകൾ അഥവാ കാണിക്കകൾ. നന്ദിയുടെയും സ്നേഹത്തിന്റെയും പ്രദർശനത്തിനുള്ള അവസരമാണു കാണിക്ക അർപ്പണം. വീണ്ടെടുക്കപ്പെട്ടവരെ യേശു സ്വർഗ്ഗത്തിലേക്കു സ്വാഗതം ചെയ്യുന്ന നാളിൽ അവന്റെ കൃപയെ സ്വീകരിച്ചവരെ നാം കാണുകയും, ആ അംഗീകാരങ്ങൾ നാം കൊടുത്ത ത്യാഗപൂർണ്ണമായ കാണിക്കകളാലാണു സാദ്ധ്യമായത് എന്നു നമുക്കു ബോദ്ധ്യം വരുകയും ചെയ്യും.

കാണിക്കകളുടെ പ്രധാനപ്പെട്ട വശങ്ങളെക്കുറിച്ചാണ് ഈയാഴ്ച നാം ചിന്തിക്കുന്നത്. നമ്മുടെ സമയത്തിൽനിന്നും, സമ്പത്തിൽനിന്നും, താലന്തുകളിൽനിന്നും ഉദാരമായി കൊടുക്കുക എന്നതു നമ്മുടെ വിശ്വാസത്തിന്റെ തീക്ഷ്ണതയേയും നാം സേവിച്ചുപോരുന്ന ദൈവത്തിന്റെ സ്വഭാവത്തെയും വെളിവാക്കുന്നു.

**ഞായർ** **ഫെബ്രുവരി 25**

**'നിന്റെ നിക്ഷേപം ഉള്ള ഇടം'**

**വായിക്കുക:** മത്താ. 6:19-21. നമുക്ക് സുപരിചിതമായ വാക്യങ്ങളാണ് ഇവ. നമ്മുടെമേലുള്ള ഭൗമീക നിക്ഷേപങ്ങളുടെ ശക്തമായ സ്വാധീനത്തിൽനിന്നും നമുക്കെങ്ങനെ സ്വതന്ത്രരാകാം? (കൊലൊ. 3:1-2 കാണുക)

“നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയം ഇരിക്കും” (മത്താ. 6:21). എന്നത് യേശുവിൽ നിന്നുള്ള ഒരു അപേക്ഷയാണ്. ഈ പ്രസ്താവനയുടെ പൂർണ്ണ വ്യാപ്തി ഇതിനു മുൻപുള്ള രണ്ടു വാകൃങ്ങളിൽ കാണുവാൻ കഴിയും. നമ്മുടെ നിക്ഷേപ ങ്ങളെ ഭൂമിയിൽ സൂക്ഷിക്കുന്നതും സ്വർഗ്ഗത്തിൽ സൂക്ഷിക്കുന്നതും തമ്മിലുള്ള വ്യത്യാസമാണ് ഇവിടെ നാം കാണേണ്ടത്. ഭൂമിയെ വർണ്ണിക്കുന്നതു പുഴു, തുരുമ്പു, കള്ളന്മാർ എന്ന വാക്കുകളിലൂടെയാണ് (മത്താ. 6:19). ഭൗമീക നിക്ഷേപങ്ങളുടെ ക്ഷണികതയും നൈമിഷികതയുമാണ് ഇവിടെ നാം കാണുന്നത്. ഭൗമീക വസ്തു ക്കൾ എത്രയുവേഗം മാഞ്ഞുപോകുന്നവയാണ് എന്ന് അറിയാത്തവരായി ആരുണ്ട്? “ലോകത്തിലുള്ള സർവ്വതും അസ്ഥിരവും അനിശ്ചിതവും സുരക്ഷിതത്വം ഇല്ലാത്ത തുമാകുന്നു. അവയെല്ലാം നാശത്തിനും ജീർണ്ണതയ്ക്കും വിധേയമാണ്. അവ നശിപ്പിക്കപ്പെടാം മോഷ്ടിക്കപ്പെടാം നഷ്ടപ്പെടാം. സ്വർഗ്ഗം തികച്ചും വിപരീത മാണ്. അവിടെ സകലതും നിത്യവും ഈടുനിൽക്കുന്നതും സുരക്ഷിതവും അനശ്വരവും ആകുന്നു. സ്വർഗ്ഗത്തിൽ നഷ്ടങ്ങൾ ഇല്ല”. Where your heart belongs P. 22.

നിങ്ങളുടെ സമ്പാദ്യങ്ങളെ നോക്കുക. നിങ്ങൾക്കു വളരെ കുറച്ചു മാത്രമേ ഉള്ളൂ എങ്കിലും ഇന്നല്ലെങ്കിൽ നാളെ എല്ലാം പുറത്തു എറിയപ്പെടും. ജംഗമ സ്വത്തുക്കൾ ഇതിനൊരു അപവാദമായേക്കാം എങ്കിലും ബുദ്ധിയുള്ള ഒരു കാര്യസ്ഥൻ തന്റെ നിക്ഷേപങ്ങളെ സുരക്ഷിതമായി സ്വർഗ്ഗത്തിൽ സൂക്ഷിക്കുന്നതിൽ തല്പരനാ യിരിക്കും. ഇവിടെയുള്ള പോലെ സാമ്പത്തിക മാന്ദ്യങ്ങളും മോഷ്ടാക്കളും പിടിച്ചു പറിക്കാരും ഒന്നും അവിടെയില്ല.

കാര്യവിചാരകത്വത്തെ കുറിക്കുന്ന ഏറ്റം പ്രധാനമായ ഒരു ആശയം മത്താ. 6:19-21 നാം കാണുന്നു. നിങ്ങളുടെ ധനം നിങ്ങളെ സ്വാധീനിക്കുന്നു, പുറകോട്ടു വലിക്കുന്നു, നിർബന്ധിപ്പിക്കുന്നു, വശീകരിക്കുന്നു, ആവശ്യപ്പെടുന്നു, മോഹിപ്പി ക്കുന്നു, നിങ്ങളുടെ ഹൃദയത്തെ നിയന്ത്രിക്കുവാൻ ആഗ്രഹിക്കുന്നു. ഈ ലോകത്തിൽ നിങ്ങളുടെ ഹൃദയം നിങ്ങളുടെ നിക്ഷേപത്തെ അനുഗമിക്കുന്നു എന്നതിനാൽ നിക്ഷേപം എവിടെ സൂക്ഷിക്കണം എന്ന ചോദ്യം മർമ്മ പ്രധാനമാണ്. ഭൗമീക ആവശ്യ ങ്ങളെയും നേട്ടങ്ങളെയുംകുറിച്ച് എത്രയധികം ചിന്തിക്കുന്നുവോ അത്രയധികം പ്രയാസമാണ് സ്വർഗ്ഗീയമായവയെക്കുറിച്ച് ചിന്തിക്കുവാൻ.

ദൈവത്തിൽ വിശ്വാസമുണ്ട് എന്ന് പറയുകയും നിക്ഷേപങ്ങളെ ഈ ഭൂമിയിൽ സൂക്ഷിക്കുകയും ചെയുന്നത് കാപടൃമാണ്. നമ്മുടെ പ്രവൃത്തികളും വാക്കുകളും തമ്മിൽ പൊരുത്തപ്പെടണം. വേറൊരു വിധത്തിൽ പറഞ്ഞാൽ, നമ്മുടെ ഭൗമിക നിക്ഷേപങ്ങളെ നാം കണ്ണുകൊണ്ട് കാണുന്നുണ്ട്. കാണിക്കകളെ നാം കണക്കാ ക്കേണ്ടത് സ്വർഗ്ഗീയ നിക്ഷേപങ്ങളായിട്ടാണ്. അവയെ കാണുന്നത് വിശ്വാസത്തിലൂടെ യായിരിക്കണം (2 കൊരി. 5:7). ഭൗതീക ആവശ്യങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടത് തീർച്ചയായും ആവശ്യമാണെങ്കിലും നിതൃത എന്ന വലിയ വസ്തുതയെ മനസ്സിൽ നിന്നും വിട്ടുകളയുവാൻ പാടുള്ളതല്ല.

## ദൈവകൃപയുടെ കാര്യവിചാരകർ

**വായിക്കുക:** എഫെ. 2:8 പ്രകാരം ദൈവം നമുക്കു നൽകിയിട്ടുള്ള മറ്റൊരു കാര്യം എന്താണ്?

"അർഹതയില്ലാത്ത ആനുകൂല്യമാണ് കൃപ". നിങ്ങൾ അർഹിക്കാത്ത ദാനമാണത്. ദൈവം ഈ പ്രപഞ്ചത്തിൽ തന്റെ കൃപയെ കോരി ചൊരിഞ്ഞിരിക്കുന്നു. അതിനെ നാം തിരസ്കരിക്കുന്നില്ലെങ്കിൽ അതു നമ്മുടെ ജീവിതങ്ങളെ ഇന്ന് മുതൽ നിത്യതയോളം അടിമുടി രൂപാന്തരപ്പെടുത്തും. സ്വർഗ്ഗത്തിലെ സകല സമ്പത്തും ശക്തിയും കൃപ എന്ന ദാനത്തിൽ ഉൾപ്പെട്ടിരിക്കുന്നു (2 കൊരി. 8:9). മഹത്തായ ഈ ദാനത്തിൽ ദൂതന്മാർപോലും അതിശയിക്കുന്നു.

ദൈവം നമുക്കു തരുന്ന സകലത്തിലും ഏറ്റവും വിലയേറിയതും വലിയതുമായ ദാനം യേശുക്രിസ്തുവിലൂടെ നമുക്കു ലഭിച്ച കൃപയാണെന്നതിൽ തർക്കമില്ല. കൃപയില്ലായെങ്കിൽ പ്രത്യാശയില്ല. മനുഷ്യവർഗ്ഗത്തിന്മേലുള്ള പാപത്തിന്റെ പരിതാപകരമായ സമ്മർദ്ദത്തിൽനിന്നും അവർക്ക് ഒരിക്കലും സ്വയം സ്വതന്ത്രമാകുവാൻ കഴിയുകയില്ല. ദൈവകൽപന അനുസരിക്കുന്നതിലൂടെപ്പോലും നമുക്കു ജീവനെ പ്രാപിക്കുവാൻ കഴിയുകയില്ല. "എന്നാൽ ന്യായപ്രമാണം ദൈവ വാഗ്ദത്തങ്ങൾക്കു വിരോധമോ? ഒരുനാളും അല്ല; ജീവിപ്പിപ്പാൻ കഴിയുന്നോരു ന്യായപ്രമാണം നല്കിയിരുന്നു എങ്കിൽ ന്യായപ്രമാണം വാസ്തവമായി നീതിക്കു ആധാരമാകുമായിരുന്നു" (ഗലാ. 3:21). ഏതെങ്കിലും ന്യായപ്രമാണത്തിനു നമ്മെ രക്ഷിക്കുവാൻ സാധിക്കുമായിരുന്നെങ്കിൽ തീർച്ചയായും ദൈവത്തിന്റെ ന്യായപ്രമാണത്തിനാകണം അതിനു കഴിയേണ്ടത്. പൗലൊസ് പറയുന്നത്: അതിനു നമ്മെ രക്ഷിക്കുവാൻ കഴിയുകയില്ല എന്നാണ്. നാം രക്ഷ പ്രാപിക്കുന്നുവെങ്കിൽ അതിന്റെ കാരണം കൃപ ഒന്നു മാത്രമാണ്.

**വായിക്കുക:** 1 പത്രൊ. 4:10. കാര്യവിചാരകത്വം കൃപയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? ദൈവത്തിനും മറ്റുള്ളവർക്കും കൊടുക്കുന്നതിലൂടെ ദൈവകൃപ എങ്ങനെ വെളിപ്പെടുന്നു?

ദൈവകൃപ എന്ന ദാനത്തെ ലഭിച്ചിരിക്കയാൽ 'നല്ല ഗൃഹ വിചാരകന്മാരായി അതിനെക്കൊണ്ട് അന്യോന്യം ശുശ്രൂഷിപ്പീൻ' (1 പത്രൊ. 4:10) എന്നാണ് പത്രൊസ് പറയുന്നത്. ദൈവം നമുക്കു ദാനങ്ങളെ തന്നിരിക്കയാൽ, ലഭിച്ചിരിക്കുന്നതിൽനിന്നും ഒരുഭാഗം നാം തിരികെ കൊടുക്കണം എന്നർത്ഥം. കൃപയാൽ നമുക്കു ലഭിച്ചിരിക്കുന്നവ നമ്മുടെ സ്വന്തം നന്മയ്ക്കും സന്തോഷത്തിനും മാത്രമുള്ളതല്ല, സുവിശേഷവ്യാപനത്തിനും കൂടിയുള്ളതാണ്. ദാനമായി നമുക്ക് ലഭിച്ചു, സാധിക്കും വിധത്തിലെല്ലാം നാം ദാനമായി കൊടുക്കുകയും വേണം.

ദൈവത്തിൽ നിന്നും നിങ്ങൾക്കു ലഭിച്ചിട്ടുള്ള സകലത്തെയും കുറിച്ച് ചിന്തിക്കുക. നിങ്ങൾക്കു ദാനമായി ലഭിച്ചിരിക്കുന്ന കൃപയുടെ കാര്യവിചാരകനാകുവാൻ നിങ്ങൾക്കെങ്ങനെ സാധിക്കും?

## ഏറ്റവും ശ്രേഷ്ഠമായ വഴിപാട്

**വായിക്കുക:** ലൂക്കൊ.7: 37-47. ദൈവത്തിനു അർപ്പിക്കുന്ന വഴിപാടുകളുടെ യഥാർത്ഥ കാരണം എന്തായിരിക്കണം എന്നാണ് ഈ കഥ നമ്മെ പഠിപ്പിക്കുന്നത്?

മുറിയിലേക്ക് കടന്നുവന്ന മറിയം മേശമേൽ വിശ്രമിക്കുന്ന യേശുവിനെ കണ്ടു. അമിതമായ വിലയും വാസനയുമുള്ള പരിമള തൈലത്തിന്റെ വെങ്കൽഭരണി തുറന്നു തൈലം അവന്റെമേൽ ഒഴിച്ചു. ദുർമാർഗ്ഗത്തിൽ ജീവിച്ചിരുന്ന ഒരു സ്ത്രീ എന്ന നിലയിൽ, അവൾ ചെയ്ത ഈ പ്രവൃത്തിയെ ചിലർ അനുചിതമായി കണ്ടു.

എന്നാൽ മറിയ പൈശാചിക ബന്ധനത്തിൽനിന്നും മോചിക്കപ്പെട്ടവളായിരുന്നു (ലൂക്കൊ. 8:2). അതിനുശേഷം ലാസറിന്റെ ഉയർപ്പിനു സാക്ഷിയായതോടെ അവളുടെ ഹൃദയം നന്ദിയാൽ നിറഞ്ഞു. അവളുടെ ഏറ്റവും വലിയ സമ്പാദ്യമായിരുന്ന പരിമള തൈലത്തെ അവൾ അങ്ങനെ അവളുടേതായ രീതിയിൽ നന്ദിയർപ്പണ ഉപാധിയായി ഉപയോഗിച്ചു.

കാണിക്കയർപ്പണത്തിൽ നമുക്കുണ്ടായിരിക്കേണ്ട ശരിയായ പ്രചോദനം നന്ദി ആയിരിക്കണം എന്നതാണ് ഈ കഥ നമ്മെ പഠിപ്പിക്കുന്നത്. ദൈവം നമുക്കു തന്ന വിലമതിക്കാനാകത്ത കൃപയ്ക്ക് പ്രതികരണമായി നന്ദിയല്ലാതെ മറ്റെന്തു കാര്യമാണ് നമ്മിൽ ഉണ്ടാകേണ്ടത്? അവന്റെ മഹാമനസ്കതയും കൊടുക്കുവാനുള്ള പ്രേരണയുമാണ് നമ്മിൽ ഉണ്ടാക്കേണ്ടത്. കൊടുക്കുക എന്ന പ്രേരണയോടൊപ്പം നന്ദി എന്ന വികാരവുംക്കൂടി ചേരുമ്പോൾ അവ അർത്ഥവത്തായ വഴിപാടുകളുടെ ചേരുവകളായിത്തീരുന്നു. അർത്ഥവത്തായ വഴിപാടുകളിൽ നമ്മുടെ സമയം, താലന്തുകൾ, സമ്പാദ്യങ്ങൾ, ശരീരങ്ങൾ എന്നിവ ഉൾപ്പെട്ടിരിക്കുന്നു.

**വായിക്കുക:** പുറ 34:26; ലേവ്യ. 22:19-24; സംഖ്യ. 18:29 ഇന്നത്തേതിൽ നിന്നും തികച്ചും വിഭിന്നമായ സന്ദർഭമാണെങ്കിലും, നമ്മുടെ വഴിപാടുകളെ സംബന്ധിക്കുന്ന എന്ത് തത്വങ്ങൾ നമുക്കു ഇവിടെനിന്നും എടുക്കാം?

ഏറ്റം മേൽത്തരമായ നമ്മുടെ വഴിപാടുകൾ ചിലപ്പോൾ നമ്മുടെ ദൃഷ്ടിയിൽ അപര്യാപ്തമായി തോന്നിയേക്കാം എങ്കിലും ദൈവത്തിന്റെ കണ്ണുകളിൽ അവ പ്രധാനമാണ്. ഏറ്റവും ശ്രേഷ്ഠമായിതിനെ ദൈവത്തിനു കൊടുക്കുന്നതിലൂടെ നാം അവനു നമ്മുടെ ജീവിതത്തിൽ പ്രഥമസ്ഥാനം നൽകുന്നു. ആനുകൂല്യങ്ങൾ പറ്റുന്നതിനായല്ല കണിക്കകൾ നൽകുന്നത്; യേശുക്രിസ്തുവിലൂടെ നമുക്കു ലഭിച്ചിരിക്കുന്നതിന്റെ നന്ദിയർപ്പണമായിട്ടാണ് നാം അത് ചെയ്യുന്നത്. "നന്ദിയോടും സ്നേഹത്തോടും നൽകുന്ന ഏതു ചെറിയ വഴിപാടും വിലമതിക്കുവാൻ ആകാത്തവിധം വിലയുള്ള ദാനമായിരിക്കും. ദൈവത്തോടുള്ള നമ്മുടെ കടപ്പാടും നന്ദിയും ഓർക്കുമ്പോൾ നാം അർപ്പിച്ച ഏതു വിലപിടിപ്പുള്ള വഴിപാടും അപര്യാപ്തവും ചെറുതുമായി നമുക്കു തോന്നും. ചെറുതെന്നു നമുക്ക് തോന്നുന്ന ഈ വഴിപാടുകളെ ദൂതന്മാർ എടുത്തു

ദൈവ സിംഹാസനത്തിനു മുൻപിൽ സൗരഭ്യ വാസനയായി സമർപ്പിക്കുകയും ദൈവം അതു സ്വീകരിക്കുകയും ചെയ്യും.” EGW, Testimonies, Vol. 3 P. 397.

**ബുധൻ** **ഫെബ്രുവരി 28**

### ഹൃദയ നിരൂപണങ്ങൾ

വിധവ നൽകിയ ഉദാരമായ വഴിപാടിനെകുറിച്ചു മുൻപുള്ള ഒരു പാഠത്തിൽ നാം ചിന്തിച്ചു. മറ്റുള്ള വഴിപാടുകളുമായി തട്ടിക്കുമ്പോൾ വളരെ ചെറുതായിരുന്നു എങ്കിലും അത് അവളുടെ ഹൃദയത്തിന്റെയും സ്വഭാവത്തിന്റെയും ശരിയായ പ്രകൃതത്തെ കാണിക്കുന്നതാകയാൽ തീർച്ചയായും വളരെ ഉദാരമായതായിരുന്നു. “എല്ലാവരെക്കാളും അധികം ഇട്ടിരിക്കുന്നു” എന്ന് പറയുവാൻ അത് യേശുവിനെ പ്രേരിപ്പിച്ചു.

നമ്മുടെ നിരൂപണങ്ങളെ ദൈവം മാത്രം അറിയുന്നു (യാക്കോ. 4:12; സദൃ. 16:2; 1 കൊരി. 4:5). തെറ്റായ ഉദ്ദേശ്യത്തോടെ ശരിയായ പ്രവൃത്തികൾ ചെയ്യുവാൻ സാധിക്കും. ധാരാളത്വത്തിൽനിന്നും കൊടുക്കുവാൻ അധികം വിശ്വാസത്തിന്റെ ആവശ്യമില്ല; എന്നാൽ മറ്റുള്ളവർക്കായി ത്യാഗമനോഭാവത്തോടെ കൊടുക്കുവാൻ സാധിക്കുക എന്നത് തീർച്ചയായും ഹൃദയ വിശാലത തന്നെ.

**വായിക്കുക:** 2 കൊരി. 8:8-15. കൊടുക്കുന്നതിനെക്കുറിച്ചും അതിന്റെ പ്രേരണയെക്കുറിച്ചും പൗലോസ് പറയുന്നതെന്ത്? കാര്യവിചാരകത്വത്തെക്കുറിക്കുന്ന എന്തൊക്കെ തത്വങ്ങൾ ഈ വാക്യങ്ങളിൽ ഉണ്ട്?

കൊടുക്കുവാനുള്ള നിങ്ങളുടെ കാരണം എന്തായിരുന്നാലും അത് അഹന്തയിൽ നിന്നും നിസ്വാർത്ഥമായ പരോപകാര ശീലത്തിലേക്കു തുടർച്ചയായി സഞ്ചരിക്കുന്ന ഒരു പ്രതിഭാസമാണ്. ഇതിന്റെ ഭാഗമായി സ്വാർത്ഥതയും കൊടുക്കുവാനുള്ള പ്രേരണയും തമ്മിൽ നടക്കുന്ന യുദ്ധം മറ്റ് ഏതു മേഖലയിലുമുള്ള ആത്മീയ യുദ്ധത്തെക്കാളും അധികം നിരന്തരമായി നടക്കുന്ന ഒന്നാണ്. ദൈവത്തിനുവേണ്ടി തീ ആയി നിന്നിരുന്ന ഹൃദയങ്ങളെ ശീതീകരിക്കുവാൻ സ്വാർത്ഥതയ്ക്കു സാധിക്കും. ക്രിസ്തീയ ജീവിതത്തിലേക്ക് കൂടിയേറാൻ നാം സ്വാർത്ഥതയെ അനുവദിക്കുന്നതി ലൂടെയാണ് ഈ പ്രശ്നം ഉണ്ടാകുന്നത്. ആ സ്വാർത്ഥതയെ ക്രിസ്തുവിന്റെ പേര് പറഞ്ഞു ന്യായീകരിക്കുവാനുള്ള വഴികളും നാം കണ്ടെത്തും.

അടിസ്ഥാനപരമായ കാര്യം സ്നേഹം എന്നതാണ്. ആത്മനിഷേധം കൂടാതെ സ്നേഹത്തെ പ്രദർശിപ്പിക്കുവാനാകില്ല. മറ്റുള്ളവരുടെ നന്മക്കായി ത്യഗമനഃസ്ഥിതിയോടെ കൊടുക്കുവാനുള്ള സന്നദ്ധതയാണ് ആത്മപരിത്യാഗം അഥവാ ആത്മനിഷേധം.

സ്നേഹത്തിന്റെ പ്രതിഭലമായിട്ടായിരിക്കണം നാം കൊടുക്കേണ്ടത്. സ്വാർത്ഥ ഹൃദയം സ്വയസ്നേഹ പ്രേരിതമായിരിക്കും. നമ്മുടെ ഹൃദയത്തിന്റെ അഗ്രചർമ്മം പരിച്ഛേദന ചെയ്യണമേ എന്ന് നാം ദിനവും പ്രാർത്ഥിക്കണം (ആവ. 10:16) എങ്കിൽ മാത്രമേ സ്നേഹിക്കപ്പെട്ടതുപോലെ മറ്റുള്ളവരെ സ്നേഹിക്കുവാൻ നമുക്കു കഴിയുകയുള്ളൂ.

എല്ലാ നല്ല ദാനശീലത്തിന്റെയും ക്രിസ്തീയ ഔദാര്യത്തിന്റെ സാരാംശവും സ്നേഹമാണ്. നമ്മിലേക്കൊഴുകുന്ന ദൈവസ്നേഹം തിരിച്ചു സ്നേഹിക്കുവാനുള്ള പ്രേരണയെ നമുക്കു തരുന്നു. തിരികെ സ്നേഹിക്കുക എന്നതാണ് കൊടുക്കുന്നതിന്റെ പരമോന്നത ഉദ്ദേശ്യം.

സ്നേഹത്തിൽ നിന്നല്ലാതെ കടപ്പാടിന്റെ ഭാഗമായി ഒരു സ്വമേധ ദാനം കൊടുക്കുന്നതിൽ തെറ്റുണ്ടോ? ഉണ്ടെങ്കിൽ എന്ത്?

**വ്യാഴം** **മാർച്ച് 1**

**ദാനം എന്ന അനുഭവം**

ദൈവത്തിന്റെ സ്വഭാവത്തെ വെളിപ്പെടുത്തുവാനാണ് യേശു വന്നതെങ്കിൽ, ഈ സമയംകൊണ്ട് ഒരു കാര്യം വ്യക്തമാണ്: ദൈവം നമ്മെ സ്നേഹിക്കുന്നു; നമ്മുടെ ഏറ്റവും നല്ല നന്മയാണ് അവൻ ആഗ്രഹിക്കുന്നത്. നമുക്കു നന്മ വരുന്ന കാര്യങ്ങൾ ചെയ്യുവാനാണ് അവൻ നമ്മോടു ആവശ്യപ്പെടുന്നത്. നമുക്കു ഹാനി വരണം എന്നവൻ ചിന്തിക്കുന്നില്ല.

നമുക്ക് ലഭിച്ചിരിക്കുന്നതിൽ നിന്നും ഉദാരമായും സന്തോഷ പൂർണ്ണമായും കൊടുക്കുവാനുള്ള അവന്റെ ആഹ്വാനവും നമ്മുടെ നന്മയെ ലാക്കാക്കിയുള്ളതാണ്. സ്വമേധ ദാനങ്ങളും ഉദാരമായ വഴിപാടുകളും കൊടുക്കുമ്പോൾ അത് ലഭിക്കുന്നവരെപ്പോലെ തന്നെ കൊടുക്കുന്നവരായ നമുക്കും അത് പ്രയോജനപ്പെടുന്നു. ഇപ്രകാരം കൊടുക്കുന്നവർക്കു മാത്രമേ വാങ്ങുന്നതിനെക്കാൾ അധികം അനുഗ്രഹം കൊടുക്കുന്നതിലുണ്ട് എന്ന സത്യം മനസിലാകുകയുള്ളൂ.

**വായിക്കുക:** 2 കൊരി. 6–7: കൊടുക്കുക എന്ന പ്രക്രിയയെ ഈ വാക്യങ്ങൾ എങ്ങനെ ചുരുക്കി അവതരിപ്പിക്കുന്നു?

ഉദാരമായ കാണിക്കയർപ്പണം എന്നതു തികച്ചും വ്യക്തിപരമായ ഒരു ആത്മീക പ്രവൃത്തിയാണ്. അത് ഒരു വിശ്വാസത്തിന്റെ പ്രവൃത്തിയും ക്രിസ്തുവിലൂടെ നമുക്ക് ലഭിച്ചിരിക്കുന്നതിനോടുള്ള നന്ദി പ്രകടനവുമാണ്. വിശ്വാസത്തിന്റെ ഏതൊരു പ്രവൃത്തിയെയുംപോലെ കൊടുക്കുന്നതും വിശ്വാസത്തെ വർദ്ധിപ്പിക്കുന്നു. കാരണം, 'വിശ്വാസം കൂടാത്ത പ്രവൃത്തി നിർജ്ജീവമാകുന്നു' (യാക്കോ. 2:20). വിശ്വാസത്തെ പ്രവൃത്തിയിൽ കൊണ്ടുവരുന്നതിലൂടെയാണ് ശരിയായ വിശ്വാസ വർധനയുണ്ടാകുന്നത്. വിശ്വാസത്തിൽനിന്നും ഉത്ഭവിക്കുകയും വളരുകയും ചെയ്യുന്നവയെ ചെയ്യുക എന്നർത്ഥം. സ്വതന്ത്രമായും ഉദാരമായും കൊടുക്കുമ്പോൾ നാം നമ്മുടേതായ രീതിയിൽ ക്രിസ്തുവിന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു. നമ്മുടെ പ്രവൃത്തിയിലൂടെ ദൈവത്തെ അനുഭവിക്കുകയും അങ്ങനെ അവൻ ആരാകുന്നു എന്ന് പഠിക്കുകയും ചെയ്യുന്നു. ഇപ്രകാരം കൊടുക്കുമ്പോൾ ദൈവത്തിലുള്ള വിശ്വാസം ഉറപ്പിക്കപ്പെടുകയും "ദൈവം നല്ലവനെന്നു രുചിച്ചറി" യുവാനുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു (സങ്കീ. 34:8).

"യേശുവിന്റെ മുഖത്ത് പ്രകാശിക്കുന്ന മഹത്വം സ്വയത്യാഗപരമായ സ്നേഹത്തിന്റെ മഹത്വമാണ്. സ്വയപരിത്യാഗത്തിന്റെ നിയമമാണ് ഭൂമിയുടെയും സ്വർഗ്ഗത്തിന്റെയും ജീവിത നിയമം എന്നതു കാൽവറിയിൽ നിന്നുള്ള വെളിച്ചത്തിൽ കാണുവാൻ സാധിക്കും. "സ്വാർത്ഥം അന്വേഷിക്കാത്ത" സ്നേഹം ദൈവത്തിന്റെ ഹൃദയത്തിൽ നിന്നും ഉത്ഭവിക്കുന്നു. സൗമ്യതയും താഴ്മയും ഉള്ളവനിൽനിന്നും ആർക്കും അടുത്തു കൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവന്റെ സ്വഭാവം വെളിപ്പെട്ടു." EGW, DA, P. 20.

ലഭിച്ചിരിക്കുന്നതിൽനിന്നും സ്വതന്ത്രവും ഉദാരവുമായി കൊടുക്കുന്നതിലൂടെ വിശ്വാസം വർദ്ധിക്കും എന്ന യാഥാർത്ഥ്യം താങ്കൾ ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ മനസ്സിലാക്കിയിട്ടുണ്ട്?

**വെള്ളി** **മാർച്ച് 2**

**കൂടുതൽ ചിന്തയ്ക്ക്** : ഉദാരശീലം സ്വർഗ്ഗത്തിന്റെ സ്വഭാവമാണ്. സ്വാർത്ഥയുടെ ആത്മാവ് സാത്താന്റെ ആത്മാവാണ്. ക്രിസ്തുവിന്റെ സ്വയ ത്യാഗപരമായ സ്നേഹം ക്രൂശിൽ വെളിപ്പെട്ടു. മനുഷ്യർ രക്ഷ പ്രാപിക്കേണ്ടതിനു അവൻ തനിക്കുള്ളതൊക്കെയും, തന്നെ തന്നെയും നൽകി. അനുഗൃഹീത രക്ഷകന്റെ ഓരോ അനുഗാമിയും ക്രിസ്തുവിന്റെ ക്രൂശ് ഉദാരമനസ്കതയിലേക്കു ആകർഷിക്കുന്നു. കൊടുത്തുകൊണ്ടേയിരിക്കുക എന്ന തത്വമാണ് ക്രൂശിൽ തെളിയുന്നത്. സൽപ്രവൃത്തികളിലൂടെയും ഉദാരമാനസ്കതയിലൂടെയും ഈ തത്വത്തെ നടപ്പിലാക്കുന്നതാണ് ക്രിസ്തീയ ജീവിതം. ഭൗമീക സന്തോഷം ഉറപ്പാക്കുന്നതിനായി ഇങ്ങോട്ടെന്തു കിട്ടും, കിട്ടും എന്ന ചിന്തയാണ് ലൗകീകതയുടെ തത്വം. എത്ര കാര്യമായി അത് നടപ്പിലാക്കിയാലും അതിന്റെ ഫലം കഷ്ടതയും മരണവുമാണ്. EGW, AR, Oct. 17, 1882.

**ചർച്ച ചെയ്യുക:**

1. ക്രിസ്തുവിന്റെ സ്വഭാവത്തിനു വിരുദ്ധമായി സ്വാർത്ഥതയിൽ ഉള്ളതെന്താണ്? പാപിയായ മനുഷ്യന്റെ സ്വാഭാവിക മനോഭാവമായ സ്വാർത്ഥതയിൽനിന്നും സംരക്ഷിക്കപ്പെടുവാൻ ബോധപൂർവ്വമായ എന്തെല്ലാം കാര്യങ്ങൾ നമുക്ക് ചെയ്യുവാൻ കഴിയും?

2. "അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുതു; നിർബ്ബന്ധത്താലുമരുതു; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു" (2 കൊരി. 9:7). 'സന്തോഷത്തോടെ' എന്നതിന്റെ മൂലപദം പുതിയനിയമത്തിൽ ഒരിക്കൽ മാത്രമേ കാണുന്നുള്ളൂ. "തിമിർത്തുല്ലസിക്കുക" എന്ന പദം അതിൽ നിന്നുണ്ടായതാണ്. കൊടുക്കുവാനുള്ള നമ്മുടെ മനോഭാവത്തെക്കുറിച്ച് ഇത് എന്ത് പറയുന്നു?

3. ക്രിസ്തുവിൽ നിങ്ങൾക്കു ലഭിച്ചിരിക്കുന്നത് എന്തൊക്കെ? പട്ടിക ഉണ്ടാക്കുക. ഓരോന്നിനെയും ഓർത്തു പ്രാർത്ഥിക്കുക. ലഭിച്ചതിനു അനുസരണമായി കൊടുക്കുകയും വേണം എന്നതിനെക്കുറിച്ച് ഈ പട്ടിക എന്ത് പഠിപ്പിക്കുന്നു?

നമ്മുടെ ഏറ്റം നല്ല ദാനങ്ങൾപ്പോലും എറ്റം നല്ല ഉദ്ദേശത്തോടെ നല്കപ്പെട്ട വയാണെങ്കിലും, നല്കപ്പെട്ടവയുടെ മുൻപിൽ നിസ്സാരം എന്ന് തോന്നിപ്പിക്കുന്ന തിനെക്കുറിച്ച് നിങ്ങളുടെ പട്ടിക എന്തു പഠിപ്പിക്കുന്നു?

4. സ്വാർത്ഥത താങ്കളെ ഉറപ്പായും ദുരിതപൂർണ്ണമാക്കും എന്നത് എന്തുകൊണ്ട്?

5. കഷ്ടതയിൽ കഴിയുന്ന ഒരു സഭാംഗത്തെക്കുറിച്ചു ചിന്തിക്കുക, ആ വ്യക്തിയെ സഹായിക്കാനായി താങ്കൾക്ക് എന്തു ചെയ്യുവാൻ കഴിയും? വലിയ സ്വയത്യാഗ ത്തിലൂടെയോ സഹായിക്കാൻ പറ്റുകയുള്ളൂ എങ്കിലും സഹായിക്കാനായി താങ്കൾക്കു എന്തു ചെയ്യുവാൻ കഴിയും?